യുടെയും നിർദ്ദേശങ്ങൾ അനുസരിച്ച് യുവകർമ്മ സേന, ബ്ലഡ് ഡോണേഴ്സ് ഫോറം, കാർഷിക ക്ലബ്ബ്, വനിതാ ക്ലബ്ബ്, ട്രൈബൽ ക്ലബ്ബ്, സ്വയംതൊഴിൽ എക്സ്ചേഞ്ച്, ലേബർ ബാങ്ക് എന്നിവ രൂപീകരിച്ച് തൊഴിൽ പരിശീലനങ്ങളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി, തൊഴിലുറപ്പുപദ്ധതി എന്നീ സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതിനും അതിന് വേണ്ടത്ര പ്രചരണം നൽകുന്നതിനും ഈ പദ്ധതികളിലൂടെ കഴിഞ്ഞിട്ടുണ്ട്. ഇവ കൂടാതെ, മുഖ്യധാരാ ഉത്സവങ്ങളിൽ അവസരം ലഭ്യമാകാത്ത യുവജനങ്ങൾക്ക് സർഗ്ഗശേഷി പ്രകടിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ കേരളോത്സവം എന്ന വിപുലമായ പരിപാടിയും നടത്തിവരുന്നു.

(ബി) ഇതിനാവശ്യമായ പരിമിതമായ ഫണ്ടുകൾ യുവജനക്ഷേമ ബോർഡ് യൂത്ത് സെന്ററുകൾ മുഖേന അനുവദിച്ചുവരുന്നു. ത്രിതലപഞ്ചായത്തുകൾക്ക് ആവശ്യമായ തുക അവർക്ക് അനുമതിയോടെ ചെലവഴിക്കാവുന്നതാണ്.

യുവജനങ്ങളുടെ ക്ഷേമത്തിനായി കൈക്കൊണ്ട നടപടി

92 (2570) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനങ്ങളുടെ ക്ഷേമത്തിനായി യുവജനക്ഷേമബോർഡ് കൈക്കൊണ്ട നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്വഴി യുവജനങ്ങളുടെ ക്ഷേമത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. യുവശക്തി
2. കേരളോത്സവം
3. ദുരന്ത നിവാരണത്തിനായി യുവകർമ്മസേന
4. കൗമാരപ്രായക്കാരുടെ ശാക്തീകരണം
5. സ്വയംതൊഴിൽ പരിശീലന പദ്ധതി
6. മദ്യം, മയക്കുമരുന്ന്, വർഗ്ഗീയത, തീവ്രവാദം എന്നിവക്കെതിരായ ബോധവൽക്കരണ പരിപാടികൾ
7. സാഹസിക പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

8. യുവജന പ്രവർത്തനങ്ങൾ നടത്തുന്ന മികച്ച ക്ലബ്ബിനും/സന്നദ്ധ സംഘടനക്കും വ്യക്തിക്കും യൂത്ത് അവാർഡ്

9. ദേശീയോദ്ഗ്രഥന ക്യാമ്പുകൾ സംഘടിപ്പിക്കൽ

10. യുവമാധ്യമ പ്രവർത്തക ക്യാമ്പ്

11. യുവാക്കൾക്കായി എക്സിബിഷൻ

12. നാടൻ കലകളിൽ പരിശീലനം

13. തൊഴിൽ മേളകൾ സംഘടിപ്പിക്കൽ

14. യുവനേതൃത്വക്യാമ്പ്/ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്

15. യുവാക്കൾക്കായി ബോട്ട് ക്രൂ പരിശീലനം

16. ജാലകം പദ്ധതി

17. യുവകാർഷിക ക്ലബ്ബുകൾ, വനിതാ യൂത്ത് ക്ലബ്ബുകൾ എന്നിവയുടെ പ്രവർത്തനം

18. ആദിവാസി/ഗ്രോത്രവർഗ്ഗ യുവജനതയ്ക്കായി ആദിവാസി മേള (ട്രൈബൽ യൂത്ത് പ്രോഗ്രാം)

19. അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം

20. സനാഥ ബാല്യം പദ്ധതി

21. ടീൻസ് ക്ലബ്ബ്

22. യൂത്ത് ഫോറം

ഇവ കൂടാതെ യുവജനങ്ങളുടെ ക്ഷേമത്തിനായി ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യുവജന സംഘടനകൾ, യുവജന ക്ലബ്ബുകൾ, മറ്റ് സംഘടനകൾ എന്നിവ മുഖേന സ്വയംതൊഴിൽ പരിശീലനങ്ങൾ, ബോധവൽക്കരണ സെമിനാറുകൾ, നേതൃത്വ പരിശീലന ക്യാമ്പുകൾ, സാഹസിക പരിശീലന പദ്ധതികൾ, കാർഷിക വികസന പദ്ധതികൾ, നാടൻകലാ പരിശീലന കളരികൾ, തൊഴിൽ മേളകൾ മുതലായ പരിപാടികൾ പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന യൂത്ത് കോ-ഓർഡിനേറ്റർമുഖേന ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു.

അടിസ്ഥാന സൗകര്യങ്ങൾക്കായി ബജറ്റിൽ വകയിരുത്തിയ തുക

93 (2571) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 സാമ്പത്തികവർഷം അടിസ്ഥാന സൗകര്യവികസനത്തിനായി ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly